"ഭരണഭാഷ- മാതൃഭാഷ"

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടി തീർപ്പ്
(നിലവിൽ :സുഭാഷ് ടി വി ഐ.എ.എസ്)

---

നം. സി2/25/2023/ഐ &പി.ആർ തീയതി, തിരുവനന്തപുരം (02-01-2024)

---

വിഷയം:- ട്രെയിൻ റാപ്പിംഗ് - വകുപ്പിന്റെ ക്യാംപെയ്ൻ വേളയിൽ പ്രചാരണ പരിപാടി നിർവഹിക്കുന്നതിന് ബ്ലാക്ക് & വൈറ്റ് ക്രിയേഷൻസ് എന്ന സ്ഥാപനവുമായി നിശ്ചയിച്ചിട്ടുള്ള നിരക്ക് ഗരീബിരഥ് ട്രെയിനിന് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: - 1.20.05.2022 ലെ സി2/157/2022/ഐ&പി.ആർ നമ്പർ നടപടിതീർപ്പ്
2.20.03.2023 ലെ ഇതേ നമ്പർ നടപടിതീർപ്പ്
3.ബ്ലാക്ക് &വൈറ്റ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 26.09.2023 ലെ പ്രൊപ്പോസൽ

<u>ഉത്തരവ്</u>

സൗത്തേൺ റയിൽവേ സോണിന്റെ പാലക്കാട് ഡിവിഷനുകളിലെ റയിൽ വേ സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോംെ അനൗൺസിനൊപ്പം നടത്തിവരുന്ന പരസ്യ അനൗൺസ്മെന്റ് /റയിൽവേ ജിംഗിൾസ് , ട്രെയിൻ റാപ്പിംഗ് എന്നീ പരസ്യ ഇനങ്ങൾക്ക് റെയിൽവേയുടെ കരാർ ലഭ്യമായിട്ടുള്ള ഏജൻസി എന്ന നിലക്ക് ബ്ലാക്ക് & വൈറ്റ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി വകുപ്പിന്റെ ക്യാംപെയിൻ കാലയളവിൽ പരസ്യം നൽകുന്നതിനായി നിരക്ക് നിശ്ചയിച്ച് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം അക്കാലയളവിൽ റയിൽവേയുമായി കരാറില്ലുള്ള ഏർനാട് എക്സ്പ്രസ്, പരശുറാം എക്സ്പ്രസ് , പാലക്കാട് എറണാകുളം മെമ്മു എന്നീ ട്രെയിനുകളിൽ ട്രെയിൻ റാപ്പിംഗിനായി നോൺ എ.സി കോച്ചിന് 85,000/-രൂപയും പ്രിന്റിംഗ് & പേസ്റ്റിംഗ് ചാർജിനത്തിൽ 30,000/-രൂപയും ചേർത്ത് 1,15,000/-+ നികുതി , എ.സി കോച്ചിന് 1,15,000/-രൂപയും പ്രിന്റിംഗ് & പേസ്റ്റിംഗ് ചാർജിനത്തിൽ 50,000/- രൂപയും ചേർത്ത് 1,65,000/-+ നികുതി എന്നീ നിരക്കുകളാണ് നിശ്ചയിച്ചിരുന്നത്. ഈ നിരക്കുകൾ ജനശതാബ്ദി ട്രെയിനുകൾ കൂടി പരസ്യം ചെയ്യുന്നതിന് മാർക്കറ്റിംഗ് കരാർ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിരക്കുകൾ ജനശതാബ്ദി ട്രെയിനുകൾക്ക് (തിരുവനന്തപുരം - കോഴിക്കോട് 12075/12076, തിരുവനന്തപുരം - കണ്ണൂർ 12081/12082) കൂടി അംഗീകരിച്ച് സൂചന (2) പ്രകാരവും ഉത്തരവായിരുന്നു. തങ്ങളുടെ സഹോദര സ്ഥാപനമായ എസ്പാനിയോ ഇവന്റ്സ് എന്ന സ്ഥാപനത്തിന് ഗരീബിരഥ് ട്രെയിൻ റാപ്പിംഗ് ചെയ്യുന്നതിന് റയിൽവേയുടെ കരാർ ലഭ്യമായിട്ടുണ്ടെന്നും വകുപ്പിന്റെ ക്യാംപെയിനുകൾക്ക് പരിഗണിക്കുന്നതിനായും ബ്ലാക്ക് & വൈറ്റ് ക്രിയേഷൻസ് എന്ന സ്ഥാപനം പ്രൊപ്പോസൽ സൂചന (3)പ്രകാരവും ലഭ്യമാക്കിയിട്ടുണ്ട്. ഇരു സ്ഥാപനങ്ങളും ഒരേ ഉടമസ്ഥതയിലുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രെയിൻ റാപ്പിംഗ് - വകുപ്പിന്റെ ക്യാംപെയ്ൻ വേളയിൽ പ്രചാരണ പരിപാടി നിർവഹിക്കുന്നതിന് ബ്ലാക്ക് & വൈറ്റ്

ക്രിയേഷൻസ് എന്ന സ്ഥാപനവുമായി സൂചന (1) പ്രകാരം നിശ്ചയിച്ചിട്ടുള്ള നോൺ എ.സി കോച്ചിന് 85,000/-രൂപയും പ്രിന്റിംഗ് & പേസ്റ്റിംഗ് ചാർജിനത്തിൽ 30,000/-രൂപയും ചേർത്ത് 1,15,000/-+ നികുതി
എ.സി കോച്ചിന് 1,15,000/-രൂപയും പ്രിന്റിംഗ് & പേസ്റ്റിംഗ് ചാർജിനത്തിൽ 50,000/-രൂപയും ചേർത്ത് 1,65,000/-+ നികുതി എന്നീ നിരക്കുകൾ ഗരീബിരഥ് ടെയിനിന് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. സൂചന (1) ഉത്തരവിലെ നിബന്ധനകൾക്ക് ബാധകമായി, ഉത്തരവ് തിയതിയായ 20.05.2022 മുതൽ 3 വർഷമായിരിക്കും ഈ ഉത്തരവിന്റെയും കാലാവധി.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ഉത്തരവിൻ പ്രകാരം

Signed by
Sonia James
Date: 04-01-2024 10:45:59
സെക്ഷൻ ഓഫീസർ

ബ്ലാക്ക്& വൈറ്റ് ക്രിയേഷൻസ് പ്രൈവറ്റ് ,ലിമിറ്റഡ്,Second floor,cc(32)/2368 B3,P.J Antony Road,,പാലാരിവട്ടം,കൊച്ചി 682025
എല്ലാ ജില്ല ഇൻഫർമേഷൻ ഓഫീസർമാർക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്(ബി)വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ / ഇൻഫർമേഷൻ ഓഫീസർ (ഫീൽഡ് പബ്ലിസിറ്റി)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി